## ലോക്ക് ഡൗൺ കാലം ആസ്വാദ്യകരമാക്കാൻ നാടൻ പാചക മത്സരവുമായി കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ

രാജ്യത്ത് കൊറോണ രോഗവ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ഈ കാലം ആസ്വാദ്യകരമാക്കാൻ അയൽക്കൂട്ട അംഗങ്ങൾക്കായി വേറിട്ടൊരു മത്സരം സംഘടിപ്പിച്ച് വ്യത്യസ്തരാവുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. പഴമയിലേക്കൊരു എത്തിനോട്ടത്തിനു വഴിയൊരുക്കി, പഴമയുടെ തനത് രുചിഭേദങ്ങൾ തേടിക്കൊണ്ട് അയൽക്കൂട്ട അംഗങ്ങൾക്കായി ഒരു നാടൻ പാചക മത്സരം സംഘടിപ്പിച്ചിരിക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. അടുക്കള തോട്ടത്തിലെയും പാടത്തെയും പറമ്പിലെയും പ്രകൃതിയിലെയും പഴയ നാട്ടുരുചികൾ വീണ്ടെടുക്കാനും പുതുതലമുറയ്ക്ക് പകർന്ന് നൽകാനുമുള്ള സമയമായി ലോക്ക് ഡൗൺ കാലത്തെ മാറ്റിയെടുക്കുക എന്നതാണ് ഈ നാടൻ പാചക മത്സരം കൊണ്ട് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ ലക്ഷ്യമിടുന്നത്.

2020 ഏപ്രിൽ 15 നു ആരംഭിച്ച് 5 ഘട്ടങ്ങളിലായിട്ട് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന പാചക മത്സരത്തിന്റെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ചു. ലഘുഭക്ഷണം (സ്നാക്സ്) എന്ന വിഭാഗത്തിലാണ് ആദ്യ മത്സരം നടന്നത്. ആകെ 212 കുടുംബശ്രീ അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു. പുതുതലമുറയ്ക്ക് അന്യം നിന്നു പോയ വിഭവങ്ങൾ പരിചയപ്പെടുത്തുന്നതോടൊപ്പം പഴയകാലത്തേക്കുള്ള തിരിച്ചു പോക്കും ഈ മത്സരത്തിലൂടെ സാധ്യമായി. മത്സരത്തിന്റെ രണ്ടാംഘട്ടം 18-04-2020 ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ചീരവട, കുമ്പളങ്ങ ഇല കൊഴുക്കട്ട, കായിപ്പോള, അരിഉണ്ട, ചീര വാഴക്കുടപ്പൻ, കുടപ്പൻ കട്‌ലറ്റ്, മുട്ടബജി, മാംഗോ പക്കാവട, കായബജി, ചക്കപോതി, മുരിങ്ങയില കട്‌ലറ്റ്, മാങ്ങയണ്ടി അപ്പം, ഇടിയൻ ചക്ക അപ്പം, ചക്കക്കുരു

കട്‌ലറ്റ്, ചക്കയപ്പം, ചേമ്പില അപ്പം, പരിപ്പ് വട, സൂപ്പർ ചക്ക അട, കുമ്പിളപ്പം, ചക്ക ഉണ്ണിയപ്പം, ചക്കക്കുരു കട്‌ലറ്റ്, തേൻവരിക്ക ചക്ക അട, പയർ ഇല കട്‌ലറ്റ്, ഇടിചക്ക കട്‌ലറ്റ്, മുരിങ്ങയില പരിപ്പുവട, കപ്പ ബജി, ചക്കക്കുരു വട, നാടൻ ചീര കട്‌ലറ്റ്, വാഴക്കുടപ്പൻ മസാല ബോൾസ്, മത്ത ഇല ബജി, കൊഴുക്കട്ട, പാൽകേക്ക്, പനികൂർക്ക ബജി, വാഴമാണി കട്‌ലറ്റ്, പൈനാപ്പിൾ ബജി, ഹെൽത്തി ബോൾസ് കപ്പ കട്‌ലറ്റ് മുതലായവയാണ് മത്സരത്തിൽ നിന്നും ലഭിച്ച ചില പ്രധാനപ്പെട്ട വിഭവങ്ങൾ.

ഓൺലൈൻ ആയിട്ടാണ് കുടുംബശ്രീ സംരംഭ യൂണിറ്റിലെ അംഗങ്ങൾക്കും, കുടുംബശ്രീ അംഗങ്ങൾക്കുമായി പാചക മത്സരം സംഘടിപ്പിക്കുന്നത്. ബ്ലോക്ക് കോർഡിനേറ്റർമാർ വഴിയോ, ജില്ലാമിഷനിൽ നിന്നും ലഭ്യമാക്കുന്ന ഗൂഗിൾ ഫോം വഴിയോ രജിസ്റ്റർ ചെയ്യുന്നവർക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുക. രജിസ്ട്രേഷൻ സൗജന്യമാണ്. വിഭവത്തിന്റെ ചേരുവകൾ, പാചകം ചെയ്യുന്ന രീതി എന്നിവ കൃത്യമായി തയ്യാറാക്കി വിശദമായ പാചകവിധി മത്സരാർത്ഥികൾ അയക്കേണ്ടതാണ്. വിഭവങ്ങൾ തയ്യാറാക്കി ഗാർനിഷ് (ഡെക്കറേറ്റ്) ചെയ്ത് രണ്ട് ഫോട്ടോ, വിഭവം തയ്യാറാക്കുന്ന 3 മിനിറ്റിൽ കവിയാത്ത വീഡിയോ എടുത്ത് അയച്ചു കൊടുക്കാൻ ആണ് മത്സരാർത്ഥികളോട് നിർദേശിച്ചിരിക്കുന്നത്.

തെരഞ്ഞെടുക്കപ്പെടുന്ന വിഭവത്തിന്റെ ഫോട്ടോ, റെസിപ്പി, തയ്യാറാക്കിയ അംഗത്തിന്റെ ഫോട്ടോ എന്നിവ കുടുംബശ്രീ തൃശൂർ ജില്ലാ മിഷൻ പിന്നീട് തയ്യാറാക്കുന്ന റെസിപ്പി ബുക്കിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും. തെരെഞ്ഞെടുക്കപ്പെടുന്ന വിഭവങ്ങളുടെ വീഡിയോകൾ ജില്ലാമിഷന്റെ ഫേസ്ബുക്ക് പേജിൽ അപ്പ്ലോഡ് ചെയ്യുകയും ചെയ്യും. ലോക്ക് ഡൗൺ കാലം ഉപയോഗപ്രദമായി വിനിയോഗിച്ചു നാടൻ രുചികളിലേക്ക് തിരിച്ചു പോകാൻ അയൽക്കൂട്ട വനിതകൾക്കു അവസരമൊരുക്കുന്ന നാടൻ പാചക

മത്സരത്തിനു മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. പഴമയുടെ നന്മയിലേക്ക് തിരിച്ചു പോയി, ഈ പ്രതിസന്ധികാലം ഗുണകരമായി വിനിയോഗിക്കാമെന്ന് തെളിയിക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ.